# തനിമതൻ പേരായ കറുത്ത തോണി

ഡോ. ബി.വി. ശശികുമാർ

ഒന്നായി ഒരേ തുണിയിട്ടു മൂടുന്ന, താണുവന്നു പരക്കുന്ന ആർദ്രമായ മൂടൽ മഞ്ഞായി ഇടശ്ശേരി കവിതയിലൊരിടത്ത് മരണത്തെ അനുഭവിച്ചിട്ടുണ്ട്. അത് മൃതിയെ ഒററവസ്ത്രമായിക്കാണുന്ന കാവ്യബോധത്തിന്റെ അനുഭവമാണ്. ഈ വസ്ത്രബോധം മരണവുമായി മാത്രം ബന്ധപ്പെട്ടതല്ല. ദൈവത്താൽ പാവും മനുഷ്യനാൽ ഊടും ഇട്ട ചിരസുന്ദരസമൂഹവസ്ത്രം വേറെ. കീറാതെ നോക്കേണ്ടത് നമ്മുടെ കടമ. ഒരു ജന്മം കൊണ്ട് മനോജ്ഞമായ ഒരു നൂലിഴ അതിൽ തുന്നിപ്പിടിപ്പിക്കാൻ കഴിഞ്ഞാൽ നന്ന്. ശരീരം എന്ന ജീർണവസ്ത്രം വലിച്ചുകീറാനെത്തുന്ന മരണം എന്ന ഒററവസ്ത്രം ഇടശ്ശേരിയെ സംബന്ധിച്ച് ഭീതിജനകമല്ല. മരണം 'വിജിഗീഷു'വാണെന്ന് നന്നായി അറിയാം. 'ദൈവം കുഴങ്ങുമ്പോൾ നമ്മൾ ചിരിക്കുക' എന്നെഴുതുമ്പോൾ 'ദൈവം' എന്നത് മാററി മരണം എന്ന് മനസ്സിലെഴുതാനാണ് ഇടശ്ശേരിക്ക് ഇഷ്ടം. നിന്റെ ഉടലാലും ഉയിരാലും നീ പ്രഭാതങ്ങൾ തീർത്തു എന്ന് (മരണമാകുന്ന) കൂരിരുളിനോട് പറയുമ്പോഴും ഇടശ്ശേരിയുടെ മനസ്സിലുള്ളത് മൃത്യുവിന്റെ തേജോമയമുഖമാണ്. സമൂഹവസ്ത്രത്തിന് നൂലിഴ പോലെ മരണത്തിന് ഒരു കൈത്തിരിയെങ്കിലും സംഭാവന ചെയ്യുവാൻ തനിക്ക് കഴിയും. മരണം (1974) രണ്ടുവർഷപ്പാട് മാത്രം അകലെ നിൽക്കുമ്പോൾ ഇടശ്ശേരി എഴുതിയ (1972) 'കടത്തുതോണി' എന്ന കവിത അങ്ങനെ ആത്മവിശ്വാസം കൊണ്ട് മരണത്തിന്റെ മുഖത്തടിക്കുന്ന രചനയായി മാറി. കടത്തുതോണിയുമായി കടവത്തു കാത്തുകിടക്കുന്ന മരണം എന്ന (കറുത്ത) തോണിക്കാരനുമായി കവിയുടെ മുഖാമുഖം.

'ജീവിതക്കൊതിതീരാതെ മൃതിപ്പെട്ടോർ' എന്ന് ഇടശ്ശേരി എഴുതിയത് തനിക്കുവേണ്ടിക്കൂടിത്തന്നെ. അതുകൊണ്ടാണ് വേലികയറുവോളം കടത്തുതോണി തിരിച്ചുകെട്ടാൻ കവി തോണിക്കാരനെ ഉപദേശിക്കുന്നത്. പതിനാലാംനരകമായ വൈതരണി പോലുള്ള നദിയിൽ ഇപ്പോൾ കരിയൊഴുക്കാണ്. ലോകത്തിന്റെ വക്കിൽ അവശേഷിക്കുന്ന വെളിച്ചം കൂടി തുടച്ചു നക്കുന്ന തിരക്കിലാണു താൻ. അന്ത്യനിമിഷാർധത്തിലെ ഈ നുണയലിനാകട്ടെ, ഒരു ജന്മം കൊണ്ടു പോലും അറിയാൻ കഴിയാത്ത രസം. തയാറെടുപ്പുകളുടെ സുദീർഘമായ തുടർക്കണ്ണി പൊടിയിട്ടു കുറച്ചുകൂടി വിളക്കാനുമുണ്ട്.

'സമയമായില്ലാപോലും' എന്നും 'സമയമായി സമയമായി തേരിറങ്ങുക' എന്നും കേട്ടുവന്ന സന്ദർഭധ്വനികളുടെ പശ്ചാത്തലത്തിൽ 'സമയമായില്ല' എന്ന് മൂന്നുവട്ടം ആവർത്തിച്ച്, അതിൽ മൂന്ന് ദൃശ്യം നിബന്ധിച്ച് തോണിക്കാരന്റെ സമയം വൈകിക്കുന്നു. തെളിക്കമൂലം തിരക്കിട്ട പോക്കിൽ വേലിത്തളിരും മുള്ളും വലിച്ചെടുത്ത് ഒന്നായിച്ചവയ്ക്കുന്ന ചടച്ച പൈക്കൾ തിരിച്ചിടുന്നതേയുള്ളു. സ്റേറഷനിൽ ചുകന്ന കല്ലുവെച്ച കമ്മലുമണിഞ്ഞു നിൽക്കുന്ന (സിഗ്നൽ) കൊടിമരങ്ങളെപ്പററി ഫലിതം പറഞ്ഞ് ആൾക്കാർ വടക്കൻ വണ്ടിയും കാത്തിരിക്കുന്നതേയുള്ളു. ചന്തയിൽ പച്ചക്കറിക്കാരൻ നിരത്തിയ വിഭവജാലങ്ങൾക്ക് തിക്കിത്തിരക്കിനിൽക്കുന്ന ഗൃഹേശിമാർ ഇപ്പോഴും വില പറയുന്നതേയുള്ളു. കരിഞ്ചിറകടിച്ച് കാലൻ കോഴികൾ കൂകി വന്നെത്തുന്ന കടവത്തെ മരത്തിൽ കെട്ടിയിരിക്കുന്ന, മലർന്നു കിടക്കുന്നവന്റെ നിശ്വാസം പോലെ വലിയുന്ന തോണിക്കയർ ഞരങ്ങുന്നുന്നില്ല. തനിക്കുവരാൻ സമയമായിട്ടില്ലെന്ന് തോണിക്കാരനെ ബോദ്ധ്യപ്പെടുത്താൻ സജീവമായ ഈ ചിത്രങ്ങൾ മതിയാകും.

വികാരശൂന്യമായി, മഴപെയ്തൊലിച്ചു നിൽക്കുന്ന മതിലുപോലെ മനസ്സ് നിരീക്ഷിക്കുന്ന ചില ചിത്രങ്ങൾ, വർത്തമാനകാലത്തിന്റെ ചില മറുചിത്രങ്ങൾ രണ്ടാം ഖണ്ഡത്തിലുണ്ട്. നേരത്തെ സൂചിപ്പിച്ച സമൂഹവസ്ത്രത്തിൽനിന്ന് വ്യക്തിബന്ധങ്ങളുടെ തുടുത്ത ചായം കഴുകിപ്പോയി അത് കലുഷമായിരിക്കുന്നതാണ് ആദ്യത്തെ കാഴ്ച. കനലായിരുന്നതെല്ലാം കരിഞ്ഞുപോയി. പരിചിതമുഖങ്ങളെല്ലാം ചാരം തേച്ചവയായി. തുടുവെയിലുദിക്കുമ്പൊഴേ കുഴഞ്ഞു തൂങ്ങുന്ന പനിനീർപ്പൂവുകളാണ് പുതുമുഖങ്ങൾ. ഇനി തനിക്കു രസം തന്നിലൊതുങ്ങലാണെങ്കിൽ തനിമയുടെ പേരാണ് കറുത്ത തോണി. തോണിക്കാരന്റെ അക്ഷമ പിറുപിറുപ്പാകുന്നു. വെറുങ്ങലിപ്പ് എന്തെന്നറിയാത്ത ചലനങ്ങളുള്ള താൻ വരികയായി. ഒരു പിലാവില പെറുക്കിയിട്ടുണ്ടെങ്കിൽ ഒരു കിണ്ണം കഞ്ഞികുടിച്ചിട്ടുമുണ്ട്. കനത്തഭാണ്ഡം മുതുകിൽ നിന്ന് മാററാറായി. മുറിവിലാണെങ്കിൽ മുടിഞ്ഞ നീററം. മുഴുവൻ നീററുന്നവനാണല്ലോ കടവിൽ നിൽക്കുന്നത്. കുളം കുഴിക്കുമ്പോൾ കുറിയ കുററി എത്രയോ നിസ്സാരം! പിരിഞ്ഞുകിട്ടാൻ ഇനി ഒന്നുമില്ല. കൊടുക്കാനാണെങ്കിൽ കൊടുത്താലും മുടിയാത്ത മൂല്യം. അതുകൊണ്ട് ഒരു തിരി കൊളുത്തി. കൈമലർത്തി, വാതിൽ മലർക്കെ തുറന്നിട്ട് വരികയേ വേണ്ടൂ.

'കടത്തുതോണി'ക്ക് ഘടനാപരമായി രണ്ട് തലങ്ങളുണ്ട്. 'മഴപെയ്തൊലിച്ചു നിൽക്കും മതിൽ

‘അവയെ വേർതിരിക്കുന്നു. ജീവിതത്തിന്റെ തുടർക്കണ്ണിയായി സ്വയം തേച്ചു മിനുക്കുന്ന കവി മരണത്തോട്  ‘സമയമായില്ല’ എന്നു സമർഥിക്കുന്നതാണ് ആദ്യഖണ്ഡം. വർത്തമാനകാലത്തോട് പ്രതികരിക്കാൻ മടിക്കുന്ന വികാരശൂന്യമായ മനസ്സിന്റെ കാഴ്ചകളും പ്രതികരണവുമാണ് രണ്ടാം പകുതിയിൽ. ചുററും നിരാശാദൃശ്യങ്ങളായതുകൊണ്ട് ആദ്യഖണ്ഡത്തിൽനിന്ന് വിരുദ്ധമായി തനിമയിലൊതുങ്ങാൻ കൊതിക്കുകയും തനിമ മരണം മാത്രമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ഇന്നത്തെ ജഡാവസ്ഥ തനിക്കു പരിചിതമല്ല. ഉദയത്തിൽ തന്നെ വാടിയിരുന്നുമില്ല. ചലനങ്ങൾ ചടുലമായിരുന്നു. അധ്വാനിച്ചു; ഫലമെടുത്തു. മണിദീപാങ്കുരം താൻ തന്നെ തല്ലിക്കെടുത്തി വരാൻ വെമ്പി നിൽക്കുന്ന ഇടപ്പള്ളിയിൽനിന്ന് ഇടശ്ശേരിയിലേക്കുള്ള ദൂരം ഏറെയാണ്. ഒരു തിരി കൊളുത്തിക്കൊണ്ടാണ് വാതിലും തുറന്നിട്ട് ഇടശ്ശേരിയുടെ വരവ്. കോടിസുര്യപ്രഭമായ മൃത്യവിന് തന്റെ വക ഒരു സംഭാവന ഒരു കൈത്തിരി. ജീവിതം കെടുമ്പോൾ മരണത്തിൽ പുതിയ ജീവിതം കൊളുത്തുന്നു, ഇടശ്ശേരി.

നദിയും കറുത്തകടത്തുതോണിയും മരണത്തിന്റെ ചിരന്തനസൂചകങ്ങൾ തന്നെ. ഗ്രീക്ക് മിഥോളജിയിലെ ചാരോൺ എന്ന തോണിക്കാരന്റെ ഛായയും ഈ കവിതയ്ക്കുള്ളിലെ ശ്രോതാവിൽ സങ്കൽപ്പിക്കാം. എന്നാൽ, പൈക്കൾ നേരിട്ടു കഥാപാത്രമാകുന്നതു കൂടാതെ, വക്താവിൽ ഒരു ‘നാൽക്കാലിസ്വത്വം’ ഇടശ്ശേരിയുടെ മററു ചില കവിതകളിലെന്ന പോലെ ‘കടത്തുതോണി’യിലും കാണാം. ‘തുടച്ചുനീക്കി’ എന്ന പ്രയോഗത്തിൽ അതു തുടങ്ങുന്നു. അപ്പോൾ തോണിക്കയർ ഈ നാൽക്കാലിയുടെ കഴുത്തിനു നേരെ നീണ്ടു വരുന്നതു കാണാം. അതിന്റെ മുതുകിൽ ജീവിതഭാണ്ഡവുമുണ്ട്. മുറിവിൽ മുടിഞ്ഞ നീററലുമുണ്ട്. ജീവിതം കണ്ണീരുപ്പുപുരട്ടിയ പലഹാരം മാത്രമല്ല, ലോകത്തിന്റെ വക്കിൽ പററിയ വെളിച്ചവുമാണ്; നക്കിത്തുടയ്ക്കാനുള്ള വെളിച്ചം; നുണയാനുള്ളതും. വലിച്ച് ഒന്നായ് ചവയ്ക്കാനുള്ള വേലിത്തളിരും മുള്ളുമാണ്, കുടിക്കാനുള്ള ഒരു കിണ്ണം കൊഴുത്തകഞ്ഞിയുമാണ്. ഭക്ഷ്യപദാർഥമായിട്ടേ ഇടശ്ശേരിക്ക് ജീവിതത്തെ സങ്കൽപ്പിക്കാനാകൂ; സ്വത്വം കന്നുകാലിയുടേതായി മാറിയാലും. ഇതൊക്കെ ഇട്ടെറിഞ്ഞുവരാൻ ‘സമയമായില്ല’ എന്നറിയിക്കാൻ ഇടശ്ശേരിക്ക് ഒരു തോഴിയുടെ മധ്യവർത്തിത്വം വേണ്ട, നേരിട്ടുതന്നെ ആകാം. നദി കടന്നു പോകാനുള്ള ആഗ്രഹമില്ല, നദീതടയാത്രക്കാരനാകാനേ ഈ കവിക്ക് ആഗ്രഹമുള്ളൂ:

‘ഹാ, മിഴിനീരേ നിൽക്കുക, ഞാനീ
ദീർഘനദീതടയാത്ര-
ക്കാരനെ, മിനുസപ്പെട്ടൊരു സാള-
ഗ്രാമത്തിനെ നോക്കട്ടെ’
(മകന്റെവാശി)

ഈ നദി മനുഷ്യവംശത്തിന്റെ ഏതോ മഹാഗിരിയിൽ നിന്ന് ഉത്ഭവിച്ച്, സംസ്കൃതിതടങ്ങളിലൂടെ ഒഴുകി വരുന്നതാണ്. ഓരോ മനുഷ്യനും തീര യാത്രികൻ തന്നെ. എങ്കിലും കവി അതിലൊഴുകി വന്ന് മിനുസപ്പെട്ട് തീരമടിഞ്ഞ ഒരു സാളഗ്രാമമാകുന്നു.

ഇന്നല്ലെങ്കിൽ നാളെ മരണനദി കടന്നു തന്നെ തീരണം. കവി ഒരു കവിതകൊണ്ട് അതിനെ ന്യായീകരിക്കാൻ ബാധ്യസ്ഥനായിരിക്കുന്നു. ആദ്യം കാരണങ്ങൾ സഹിതം അൽപ്പം ക്ഷമിക്കാൻ മരണത്തോട് ആവശ്യപ്പെടുന്നു. പിന്നെ കാരണങ്ങൾ സഹിതം വർത്തമാനകാലവിരക്തി രേഖപ്പെടുത്തി മരണം എന്ന തനിമയാർന്ന സത്യത്തെ അംഗീകരിക്കുന്നു. ഒരുപക്ഷേ, ഇരുട്ടാണെങ്കിലോ എന്നു ചിന്തിച്ച് മുൻകരുതലെന്ന നിലയിൽ കൈയിലൊരു കൈത്തിരിയുമായി ഒടുവിൽ മരണത്തിലേക്ക്; പ്രകാശമാണെങ്കിലോ മനുഷ്യന്റെ സംഭാവനയായും. അങ്ങനെ ഇടശ്ശേരി മരണത്തിലും ശക്തിയുടെ കവിയാകുന്നു; മരണത്തോടും കവിത്വത്തിന്റെ ശക്തി കാട്ടുന്നു. മരണം ഒരു രാക്ഷസനായി അയൽപക്കത്ത് വന്ന് പാർക്കുമ്പോൾ (മോക്ഷോപായം എന്ന കവിത) അവന്റെ ജഠരത്തീജ്വാലയാൽ മിന്നുന്ന കണ്ണുകൾക്കു നേരെ നടന്നുചെന്ന് തന്റെ മൃദുസ്വാദുവായ ഹൃൽപ്പിണ്ഡത്തെ നേദിക്കുമെന്നും ആകൂർത്ത നഖങ്ങൾ അത് പിളർക്കുമ്പോൾ ആതിഥ്യഹർഷത്താൽ ഹാർദമായ മന്ദസ്മിതം തൂകുമെന്നും പറയുന്ന ഇടശ്ശേരി, മരണത്തിന്റെ വിജിഗീഷുത്വത്തെ ഇങ്ങനെ വ്യാഖ്യാനിച്ചിട്ടുണ്ട്.

‘തൻ തല പൊക്കാനല്ലാ, സാമ്പ്രതം കിടനിൽപ്പി-
നെൻ തല താഴ്ത്താനത്രേ ചങ്ങാതിക്കത്യുത്സാഹം.’
(മോക്ഷോപായം)